പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **2119**

22.01.2014 ൽ മറുപടിയ്ക്ക്

## വഞ്ചിയൂർ ശ്രീ. ഷൈനിനെ പോലീസ് മർദ്ദിച്ച സംഭവം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കരവാരം ഗ്രാമപഞ്ചായത്തിലെ വഞ്ചിയൂർ പട്ട്ള, ഗോകുലത്തിൽ ശ്രീ. ഷൈനിനെ ആറ്റിങ്ങൽ സ്റ്റേഷനിലെ പോലീസുകാർ മർദ്ദിച്ച സംഭവത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ടും കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടും സ്ഥലം എം.എൽ.എ. ആഭ്യന്തരമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | (എ) | കരവാരം ഗ്രാമപഞ്ചായത്തിലെ വഞ്ചിയൂർ പട്ട്ള, ഗോകുലത്തിൽ ശ്രീ. ഷൈനിനെ ആറ്റിങ്ങൽ സ്റ്റേഷനിലെ പോലീസുകാർ മർദ്ദിച്ചതായി ആരോപിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. ആഭ്യന്തര മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത അന്വേഷണത്തിൽ ശ്രീ. ഷൈനിനെ പോലീസ് ഉദ്യോഗസ്ഥർ ആരുംതന്നെ മർദ്ദിച്ചതായി തെളിഞ്ഞിട്ടില്ല. |
| (ബി) ടിയാന്റെ മാതാപിതാക്കൾ നൽകിയ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) | ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണത്തിൽ ശ്രീ. ഷൈനിനെ പോലീസ് ഉദ്യോഗസ്ഥർ ആരുംതന്നെ മർദ്ദിച്ചതായി തെളിഞ്ഞിട്ടില്ല. |

(സി) പോലീസ് കംപ്ലയിന്റ് അതോറിറ്റിക്കും മനുഷ്യാവകാശ കമ്മീഷനും ഇത് സംബന്ധിച്ചുള്ള പരാതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ശ്രീ. ഷൈനിനെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരുവിവരവും ഉദ്യോഗപ്പേരും അവർക്കെതിരെ സ്വീകരിച്ച നടപടിയും വിശദമാക്കാമോ ?

(സി) & (ഡി) ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിലെ സി.ഐ. ശ്രീ. ഷാജി, എസ്.ഐ. ശ്രീ. സിജു, എ.എസ്.ഐ. ശ്രീ. വിക്രമൻ, കണ്ടാൽ അറിയാവുന്ന പോലീസുകാർ എന്നിവർ പ്രതികളായി വഞ്ചിയൂർ, പട്ട്ള ഗോകുലത്തിൽ ശ്രീ. ഷൈൻ പോലീസ് കംപ്ലയിന്റ് അതോറിറ്റി മുൻപാകെ 04.11.2013-ൽ പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ മേൽപറഞ്ഞ മൂന്നുപ്രതികൾക്കും സമൻസ് അയച്ച് പത്രിക വാങ്ങിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ക്രൈം 1231/13 കേസ് ഡയറി വാങ്ങി പരിശോധിക്കുകയും, പ്രാഥമിക അന്വേഷണം നടത്തുന്നതിനായി അതോറിറ്റിയിലെ മെമ്പർ ശ്രീ. പി. മുരളീധരൻ 09.12.2013-ൽ ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ പരിശോധന നടത്തിയിട്ടുള്ളതും ആകുന്നു. കൂടുതൽ തെളിവെടുക്കുന്നതിനായി കേസ് (ഒ.പി.നമ്പർ 382/13) വച്ചിരിക്കുകയാണ്. കൂടാതെ, ഇതു സംബന്ധിച്ച് 01.11.2013-ൽ ശ്രീ. ഷൈൻ മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി, കമ്മീഷൻ HRMP 7338/13/TVM നമ്പരായി ഫയലിൽ സ്വീകരിക്കുകയും കമ്മീഷന്റെ അന്വേഷണ വിഭാഗത്തോട് പ്രസ്തുത പരാതിയെക്കുറിച്ച് അന്വേഷിച്ച് 30.01.2014-നകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ